

# ജി . എച്ച് . എസ് . എസ് . വള്ളിക്കീഴ്




# വൈഖരി

2019-2020

# സന്ദേശം



'ഹൈടെക്ക്' വിദ്യാഭ്യാസരീതിയുടെ പ്രയോജനങ്ങൾ കുട്ടികൾ ഉൾക്കൊണ്ടിരിക്കുന്നു എന്നതിനു തെളിവായി പല പ്രവർത്തനങ്ങളും 'ലിറ്റിൽ കൈറ്റ്സ്' കേഡറ്റുകൾ വിദ്യാലയത്തിൽ കാഴ്ചവച്ചിരിക്കുന്നു. വിദ്യാലയ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ , 'സ്മാർട്ട് അമ്മ ' പരിശീലനം എന്നിവ എടുത്തു പറയേണ്ടതാണ് . ലിറ്റിൽ കൈറ്റ് നേതൃത്വത്തിൽ രൂപം കൊണ്ട വിദ്യാലയത്തിലെ രണ്ടാമത്തെ ഇ–മാഗസീനായ 'വൈഖരി 'ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു .

മണികണ്ഠൻ പിള്ള . ഡി

(എച്ച് . എം. )

# എഡിറ്റോറിയൽ

**ഓരോ വാക്കും ഓരോ അനുഭൂതിയാണ് . വാക്കുകളിലൂടെ വരികളുണ്ടാകുമ്പോൾ സാഹിത്യം ജനിക്കുന്നു . സാഹിത്യത്തെ അടുത്തറിയുമ്പോഴാണ് ഒരു നല്ല കലാകാരൻ ജന്മമെടുക്കുന്നത് . ബാല്യകൗമാരങ്ങളുടെ നനവാർന്ന,നിറമാർന്ന ഭാവനകളുടെ നിറക്കൂട്ട് . കഥയും കവിതയും ചിത്രങ്ങളുമായി മാറ്റങ്ങളുടെ ഈ ഘട്ടത്തിൽ വ്യത്യസ്ത നാദങ്ങളുമായി വൈഖരി നിങ്ങളുടെ കരങ്ങളിലേയ്ക്ക് സമർപ്പിക്കട്ടെ .**



**എഡിറ്റർ**

പൗർണ്ണമി എസ്സ്

# താളുകൾ മറിയുമ്പോൾ...........

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട ......................................................................

ആമസോൺ മഴക്കാടുകളുംആവാസവ്യവസ്ഥയും....................................................

ജരാനര പൂണ്ടാൽ പിന്നെ..................................................................................

പരിസര ശുചിത്വം..........................................................................................

What is discipline..........................................................................................

നിറദീപം........................................................................................................

വിദ്യാലയ കാഴ്ചകൾ........................................................................................

വികസനംഎങ്ങനെയാകാം.............................................................

പ്രകൃതിക്കൊരുകൈത്താങ്ങ്.........................................................

കായിക പ്രതിഭകൾ..........................................................................................

ഗാന്ധിയൻ ആദർശങ്ങളുടെ സമകാലികപ്രസക്തി ........................................

ഗുരുവന്ദനം........................................................................................................

ആഗോള താപനം..............................................................................................

മേളകൾ............................................................................................................

പ്രളയം .............................................................................................................

എന്റെ മാലാഖ..................................................................................................

വിദ്യാലയ കാഴ്ചകൾ ........................................................................................

LITTLEKITES ACTIVITIES........................ ..............................................................

BRAINY QUOTES..............................................................................................

പ്രതിഭകളെത്തേടി................................................................................................

AMAZING MATHEMATICS..................................................................................

# ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

നമ്മുടെ സ്വരൂപത്തെ കാട്ടിത്തരുന്നത് കണ്ണാടിയാണ്. കണ്ണാടിയിൽ നോക്കുമ്പോൾ നമ്മുടെ ഭാവവും രൂപവും കാണാൻ സാധിക്കുന്നു. നമ്മുടെ ഭാവപ്പകർച്ചകൾ അനുനിമിഷം കണ്ണാടിയിൽ കാണുന്നു. എപ്രകാരമാണോ കണ്ണാടി നമ്മെ കാട്ടിത്തരുന്നത് ആ ജോലിയാണ് ഒരു നല്ല ചങ്ങാതി ചെയ്യുന്നത്. നമുക്ക് നന്നാവാൻ ഇതിലും നല്ല ഒരു ഉപാധിയുണ്ടോ**?** സുഹൃത്ത് എന്ന ശബ്ദം തന്നെ പറയുന്നു **"**നമ്മുടെ ഹൃദയത്തിന് ഹൃദ്യത പകരുന്നവനാരോ അവൻ തന്നെ സുഹൃത്ത്.**"** യഥാർത്ഥ സുഹൃത്തിനെക്കുറിച്ച് ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ട്

**“A FRIEND IN NEED IS A FRIEND INDEED”.**
ആവശ്യത്തിനുപകരിക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്.

നമ്മുടെ സുഖദുഃഖങ്ങളെ പങ്കുവയ്ക്കാനുള്ള ഒരിടം സുഹൃത്ത് മാത്രമാണ്. സുഹൃത്തുക്കൾ ഇല്ലാത്ത ലോകം തരിശ് ഭൂമിയ്ക്ക് സമാനമാണ്. സുഹൃത്തുക്കൾ മോശമായാൽ അത് നമ്മുടെ ജീവിതത്തെ ദുഃഖസങ്കീർണമാക്കും. അതിനാൽ ഉത്തമ സുഹൃത്തുക്കളെ തന്നെ

തെരഞ്ഞെടുക്കാനുള്ള വിവേകമുണ്ടാകണം . ആപത്തിൽ നമ്മുടെ സുഹൃത്ത് ഈശ്വരൻ തന്നെയാണ്. അതിനാൽ ഈശ്വരാശ്രയം നാം കൈവിടരുത്.

– അർച്ചന എൽ

9 ഇ

# ആമസോൺ മഴക്കാടുകളും ആവാസവ്യവസ്ഥയും

അമേരിക്കൻ ഭൂഖണ്ഡത്തിൽ സ്ഥിതിചെയ്യുന്ന കാടുകളിൽ പ്രധാന വനമാണ് ആമസോൺ കാട് .ഒരുപാട് വന്യജീവികൾക്ക് പാർപ്പിടമാണ് ഇവിടം .പക്ഷെ ഈ കഴിഞ്ഞ ദിവസങ്ങളിൽ ആമസോൺ കാട് വലിയ ഒരു പ്രതിസന്ധിയിലായിരിക്കയാണ്. കൊടുംകാട്ടിൽ തീ പടർന്ന് കുറെ ജീവജാലങ്ങൾ നശിച്ചുപോയി .ഒരുപാട് ജീവികൾ ആമസോൺ മഴക്കാടുകളെ ആശ്രയിച്ചു ജീവിച്ചുവരുന്നു . വിവിധയിനം മൃഗങ്ങളും സസ്യങ്ങളും അവിടെ കാണപ്പെടുന്നു . സാധാരണ പാമ്പുകൾ മുതൽ വിഷമുള്ള പാമ്പുകൾ വരെ കാട്ടിൽ ഉണ്ട്. പല രോഗങ്ങൾക്കും പ്രതിവിധിയായ ഔഷധച്ചെടികൾ ഇവിടെ കാണാം .

ഒരുപാട് വൃക്ഷങ്ങൾ ഉള്ളതുകൊണ്ട് തന്നെ ആമസോൺ വനമേഖലയിൽ ധാരാളം മഴ ലഭിക്കുന്നു .അതുമൂലം അവിടെയുള്ള മൃഗങ്ങൾ സസ്യങ്ങൾ തിന്നുകയും അങ്ങനെ ഒരു സൈക്കിൾ ചെയിൻപോലെ ഇത് തുടരുന്നു .ഇത് മൂലം അവിടെയുള്ള മൃഗങ്ങൾ മറ്റു പ്രയാസങ്ങൾ ഇല്ലാതെ ജീവിക്കുന്നു . ഭൂമിയിലുള്ള കാടുകളെപ്പറ്റി നോക്കുമ്പോൾ അതിൽത്തന്നെ ഏറെ പ്രസിദ്ധമാണ് ആമസോൺ കാട്. ഒരുപാട് തരത്തിൽ പ്രശ്നങ്ങൾ പതുങ്ങിയിരിക്കുന്ന കൊടും കാടാണ് ഇത്.

വന്യമൃഗങ്ങളാണ് ആമസോൺ കാട്ടിൽ വസിക്കുന്നത് . ലോകത്തിൽ ഏറ്റവും അധികം വിഷമുള്ള പാമ്പുകളെ ആമസോൺ കാടുകളിൽ കാണാം .വിവിധ തരത്തിലുള്ള പക്ഷികളും ,മൃഗങ്ങളും ,ചെടികളും ചേർന്ന് അതിമനോഹരമായ ആമസോൺ കാട് പ്രകൃതി രമണീയമാണ് .ഇന്ന് ആമസോൺ കാട്ടിലെ ആവാസവ്യവസ്ഥയ്ക്ക് തന്നെ നാശം സംഭവിച്ചു കൊണ്ടിരിക്കുന്നു .

മനുഷ്യൻ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം കാടുകളും ഭീഷണിയിലാണ് .വീട്ട് സാധനങ്ങൾക്കുവേണ്ടി നമ്മൾ അവിടെയുള്ള

മരങ്ങളെല്ലാം വെട്ടുന്നു . അതിനെതിരെ ഇപ്പോൾ ശിക്ഷകളും ഏർപ്പെടുത്തിയിട്ടുണ്ട്. ആമസോൺ  കാടുകളിൽ ധാരാളം മരങ്ങൾ ഉള്ളതുകൊണ്ടു തന്നെ ശുദ്ധവായുവും മറ്റും ലഭിക്കുന്നു .ശുദ്ധവായു തന്നെ മലിനമാകുന്ന ഈ  സാഹചര്യത്തിൽ എല്ലാവർക്കും ആശ്രയമാണ് ആമസോൺ പോലെയുള്ള  കൊടും വനങ്ങൾ .അത്  സംരക്ഷിക്കാനും ഒരുപാട്  പ്രകൃതി സംരക്ഷകർ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ധാരാളം മഴ ലഭിക്കുന്നതുമൂലം അവിടുത്തെ മണ്ണ് നല്ല വളക്കൂറുള്ളതാണ് .ആമസോൺ കാടുകൾ അധികം ആരും നശിപ്പിക്കാത്തതിനു കാരണം അവിടെയുള്ള മൃഗങ്ങളാണ് .

പ്രകൃതിയെ സംരക്ഷിക്കണം .അതാണ് ഓരോ മനുഷ്യന്റെയും കർത്തവ്യം വനങ്ങൾകാരണം നമ്മൾ എല്ലാം അനുഗ്രഹീതരാണ്  .അതുകൊണ്ട്  തന്നെ അവയെയൊന്നും നശിപ്പിക്കരുത് .പ്രകൃതി മാതാവാണ് .പ്രകൃതി സംരക്ഷിക്കണം .നല്ലൊരു ഭാവിക്കുവേണ്ടി വൃക്ഷങ്ങളെ സംരക്ഷിക്കണം .അവ ഉള്ളതുകൊണ്ടാണ് നാം ജീവിക്കുന്നത്.നമ്മുടെ ജീവിതത്തെ സംരക്ഷിക്കുന്നത് മരങ്ങളാണ് അതുകൊണ്ടു തന്നെ കാടുകൾ നമ്മൾ നശിപ്പിക്കരുത്. വനസംരക്ഷണത്തിലൂടെ പ്രകൃതിയെ  സംരക്ഷിക്കണം.

ആതിര ഹരി
**10** സി





# ജരാനര പൂണ്ടാൽ പിന്നെ...

ആധുനികയുഗത്തിൽ മനുഷ്യർക്ക് സ്നേഹമോ ബന്ധങ്ങളോ ഇല്ല. എല്ലാം കച്ചവട സംസ്കാരത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്.എല്ലാവർക്കും സ്വന്തം കാര്യം മാത്രം.

കോടമ്പക്കം എന്നൊരു കുഗ്രാമത്തിലെ ഒരു ചെറുകുടുംബത്തിൽ ഒരമ്മയും മകനും മാത്രമാണുള്ളത്. ആ കുടുംബത്തിന്റെ ഏക ആശ്രയമായ അമ്മ വീട്ടുജോലികൾ ചെയ്താണ് കുടുംബംപുലർത്തിയിരുന്നത്.തുളസിയുടെ ഭർത്താവ് ഒരു കെട്ടിടനിർമ്മാണതൊഴിലാളി യായിരുന്നു. മകന് മൂന്നു വയസ്സുള്ളപ്പോൾ അദ്ദേഹം കെട്ടിടത്തിൽ നിന്ന് വീണുമരിക്കുകയുണ്ടായി അദ്ദേഹത്തിന്റെ വിയോഗം ആ കുടുംബത്തെ ദുഃഖത്തിലാഴ്ത്തി. ദാരിദ്ര്യം കൂടി.അങ്ങനെയാണ് തുളസി സ്വന്തമായി ജോലി ചെയ്ത് കുടുംബം പുലർത്താൻ തീരുമാനിച്ചത്. വളരെ കഷ്ടപ്പെട്ടാണ് അവർ മകനെ വളർത്തിയത്. തന്റെ മകനെ ആ നാട്ടിലെ ഏറ്റവും നല്ല വിദ്യാസമ്പന്നനാക്കണം എന്നായിരുന്നു ആ അമ്മയുടെ ആഗ്രഹം. അതിനു വേണ്ടി അവർ ഏറെ കഷ്ടപ്പെട്ടു.
അങ്ങനെയിരിക്കെ ഒരു ദിവസം അവരുടെ വീട്ടിലേക്ക് പണ്ടെങ്ങോ നാടുവിട്ടുപ്പോയ അവന്റെ മാമനും തുളസിയുടെ ചേട്ടനുമായ മണികണ്ഠൻ ദുബായിൽ നിന്നും എത്തുകയുണ്ടായി. തുളസിയുടെ മകൻ ആദർശ് പഠനത്തിൽ കേമനാണെന്ന് മണികണ്ഠൻ തിരിച്ചറിഞ്ഞു.

ഓരോ ക്ലാസ്സ് കഴിയുന്തോറും പഠനച്ചെലവുകൾ ഏറുകയാണ്. മകനെ പഠിപ്പിച്ച് ഉയർന്ന നിലയിലെത്തിക്കാനുള്ള വരുമാനമൊന്നും തുളസിക്കില്ലാത്തതിനാൽ മണികണ്ഠൻ തിരികെ പോകുമ്പോൾ അവനേയും കൂടെ കൊണ്ടുപോകട്ടേ എന്ന് തുളസിയോട് ചോദിച്ചു. തന്റെ മകനെ ഒരു നിമിഷം പോലും വിട്ട് പിരിയുന്നത് തുളസിക്ക് ആലോചിക്കാൻ പോലും പറ്റില്ലായിരുന്നു.അതിനാൽ അവൾ ആദ്യം സമ്മതിച്ചില്ല. താൻ എത്ര കഷ്ടപ്പെട്ടിട്ടായാലും മകനെ ഒരു നല്ല നിലയിലെത്തിക്കാൻ സാധിക്കും എന്നവൾ

ഉറച്ചു വിശ്വസിച്ചു. എന്നാൽ മണികണ്ഠൻ വലിയ ചെലവുകളേയും അവന്റെ ആവശ്യങ്ങളെയും പറ്റി അവളെ പറഞ്ഞു ബോധിപ്പിച്ചു .

ആ നിർബന്ധത്തിനു വഴങ്ങി അവൾ അതിന് സമ്മതം മൂളി. അങ്ങനെ അവർ പുറപ്പെടാൻ ഒരുങ്ങി. പോകുന്നതിന് മുമ്പ് ആ അമ്മ അവനെ വാരിപ്പുണർന്നു. അവൻ മാമന്റെ കയ്യും പിടിച്ച് തിരിഞ്ഞും നോക്കി നടന്നകലുന്നത് തുളസി കണ്ണീരോടെ നോക്കി നിന്നു. അന്നത്തെ രാത്രി തുളസിക്ക് ഉറങ്ങാനേ കഴിഞ്ഞില്ല. എന്നും രാത്രി തന്റെ ചൂടുപറ്റിക്കിടക്കുന്ന മകൻ ഇന്ന് തന്റെ അരികിൽ ഇല്ലെന്ന കാര്യം തുളസിയെ മാനസികമായും ശാരീരികമായും തളർത്തി. പിറ്റേ ദിവസം തുളസി ജോലിക്കും പോയില്ല. ഇനി താൻ ആർക്ക് വേണ്ടിയാണ് സമ്പാദിക്കുന്നത് എന്ന് കരുതി അവൾ ആ ഒറ്റ മുറി ചായ്പ്പിലെ ഒരു മൂലയിൽചുരുണ്ട്കിടന്ന് തേങ്ങിക്കരഞ്ഞു. അങ്ങനെ മകൻ നല്ല നിലയിലെത്തി ,തന്റെ ഒപ്പം ഒരു കുടുംബമായിതാമസിക്കുന്നതും സ്വപ്നം കണ്ട് അവർ ഓരോ രാത്രിയും കഴിച്ചുകൂട്ടി. വർഷങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു.

തുളസിയുടെ മകനിപ്പോൾ നല്ല ഒരു ജോലി കിട്ടി. അവനിപ്പോൾ നല്ല രീതിയിൽ ഒരു കുടുംബം പുലർത്താനുള്ള പ്രായവും പക്വതയുമായി. അങ്ങനെയിരിക്കെ തുളസി രോഗബാധിതയായി ആരും സഹായത്തിനില്ലാതെ കഴിയുകയാണ് എന്ന് മണികണ്ഠൻ അറിയുന്നു. അതിനാൽ എത്രയും പെട്ടെന്ന് ആദർശിനോട് നാട്ടിൽ പോയി അമ്മയെ കാണാൻ പഞ്ഞു. പക്ഷെ അവന് നാട്ടിലേക്ക്പോകാൻഉത്സാഹം ഉണ്ടായിരിന്നില്ല. "ഇനിഎനിക്ക്നാട്ടിലേക്ക്പോയി അവരുടെ കാര്യംനോക്കാൻ സാധിക്കില്ല. എനിക്ക് അസുഖങ്ങളൊക്കെയാണ്. അതിനാൽ നീ അവളുടെ കാര്യം നോക്കണം."എന്ന് മണികണ്ഠൻ അവനോട് പറഞ്ഞു.അങ്ങനെ മാമന്റെ നിർബന്ധത്തിന് വഴങ്ങി അവൻ നാട്ടിലേക്ക് പുറപ്പെട്ടു. അവൻ വയലുകളിലൂടെ നടന്ന് ആ കുടിലിന്റെ മുന്നിലെത്തി. പണ്ടത്തെക്കാൾ ദയനീയമായിരിക്കുന്ന ആ കുടിലിന്റെ അവസ്ഥ. വീടിന്റെ മുന്നിൽ ഒരാൾ നിൽക്കുന്നത് കണ്ട് തുളസി തപ്പിത്തടഞ്ഞ് വീടിന്റെ ഒരു കോണിൽ നിന്ന് എഴുന്നേറ്റ് വന്നു. ആ അമ്മ പെട്ടെന്നു തന്നെ മകനെ തിരിച്ചറിഞ്ഞു. മകനെ കണ്ട സന്തോഷത്തിൽ ആ അമ്മ തന്റെ അവശതയെല്ലാം മറന്നു .അവനെ വാരിപ്പുണരാൻ അവന്റെ അടുക്കലേക്ക് വന്നു.എന്നാൽ അവൻ ആ അമ്മയെ തട്ടി മാറ്റി . "എന്ത് വൃത്തികെട്ട കോലമാണ് നിങ്ങളുടേത്.നിങ്ങൾ എന്റെഅമ്മയാണ്എന്ന്പറയാൻ എനിക്കിപ്പോൾ അറപ്പാണ്തോ

ന്നന്നത്. വൃത്തിയായെങ്കിലും ഒന്ന് നിന്നുകൂടെ".ഇങ്ങനെ കോപിച്ചുകൊണ്ടവൻ അകത്തേക്ക് കയറിപ്പോയി. മകന്റെ രൂപത്തിലും സ്വഭാവത്തിലും വന്ന മാറ്റം കണ്ട് ആ അമ്മ അതിശയിച്ചു നിന്നു. എങ്കിലും അമ്മയ്ക്ക് മകനോട് ഒരു ദേഷ്യവും തോന്നിയില്ല. തുളസി തന്റെ അവശതകളെല്ലാം മറന്ന് അവന് കഴിക്കാൻ കഞ്ഞി വിളമ്പിവച്ചു. എന്നാൽ അവൻ ആ കഞ്ഞി തട്ടിത്തെറിപ്പിച്ചു. അന്ന് രാത്രി മുഴുവൻ തന്റെ മകൻ ഒന്നും കഴിക്കാത്ത തിലുള്ള സങ്കടമായിരുന്നു തുളസിയുടെ മനസ്സിൽ . അടുത്ത ദിവസം രാവിലെ തന്നെ മകൻ എങ്ങോട്ടോ പോകാൻ തയ്യാറായി നിൽക്കുന്നത് കണ്ട തുളസി അവനോട് ചോദിച്ചു, "മോനേ നീ ഇത്ര വേഗം പോവുകയാണോ?"അപ്പോൾ അവൻ തുളസിയോട് വേഗം തയ്യാറാവാൻ പറഞ്ഞു.

എവിടേക്കാണെന്നൊന്നും അവൾ തിരക്കിയില്ല .കാരണം തന്റെ മകനോടൊപ്പം എവിടേക്ക് പോകാനും അവൾ തയ്യാറായിരുന്നു .അങ്ങനെ അവൾ വളരെ അധികം സന്തോഷത്തോടെ മകന്റെ കൂടെ പുറപ്പെട്ടു . മകന്റെ കൂടെ ഇനിയുള്ള കാലം മുഴുവൻ ഒരു വേലക്കാരിയായിട്ടെങ്കിലും ജീവിക്കാം എന്ന സന്തോഷത്തിലായിരുന്നു തുളസി . എന്നാൽ അവൻ തുളസിയെ ഒരു വൃദ്ധസദനത്തിലേക്കായിരുന്നു കൊണ്ടുപോയത്. ജരാനരകൾ ബാധിച്ച രോഗിയായ അമ്മയെ കൂടെ കൊണ്ടുനടക്കാൻ അവന് ബുദ്ധിമുട്ടായിരുന്നു . അതുകൊണ്ട് മാത്രമല്ല ആ അമ്മ അവന്റെ ജീവിതത്തിൽ എന്നും ഒരു ബാധ്യതയാണ് എന്നും പറഞ്ഞാണ് അവൻ തുളസിയെ വൃദ്ധസദനത്തിലാക്കിയത്. അതിന് ശേഷം അവൻ തിരിച്ച് ദുബായിലേക്ക് പോയി. അവൻപോയതിന് ശേഷം തുളസി ഒരു മാനസിക രോഗിയായി.

ദുബായിൽ തിരിച്ചെത്തിയ ആദർശിനെ കണ്ട് മണികണ്ഠൻ ചോദിച്ചു. "നിന്റെ നല്ല ഭാവിക്ക് വേണ്ടി ത്യാഗം ചെയ്തവളാണ് അവൾ.അവളുടെ ത്യാഗത്തിന്റെ ഫലമായിട്ടാണ്ഇ ന്ന്നീ ഈനിലയിലെത്തിയത്.അങ്ങനെയുള്ള നിന്റെ അമ്മയാണ് നിനക്കിപ്പോൾ ബാധ്യതയായിമാറിയത്. ".ഇത് കേട്ടപ്പോൾ അവന് വളരെ അധികം കുറ്റബോധവും അതിലുപരി സങ്കടവും തോന്നി . ഉടൻതന്നെ അവൻ തുളസിയെ കൂട്ടിക്കൊണ്ട്പോകാൻ നാട്ടിലെത്തി . അവൻ ആ വൃദ്ധസദനത്തിൽ വന്ന് തുളസിയെപ്പറ്റി അന്വേഷിച്ചു . അപ്പോഴേക്കും തുളസി രോഗം മൂർച്ഛിച്ച് മരിച്ച്കഴിഞ്ഞിരുന്നു. അത് കേട്ട് അവൻ

പൊട്ടിക്കരഞ്ഞു . പിന്നീട്ടുള്ള കാലം മുഴുവനും അമ്മ ഒരു കുറ്റബോധമായി അവന്റെ ഉള്ളിൽ കിടന്നു .



പൗർണ്ണമി എസ്സ്
**9** ഇ

# പരിസര ശുചിത്വം



പരിസരം മലിനമാകാതെ സൂക്ഷിക്കേണ്ടത് നാമോരോരുത്തരുടേയും കടമയാണ് . എന്നാൽ നാം ഇത് മറന്നുകൊണ്ടേയിരിക്കുന്നു . മലിനമാകുന്ന പരിസരം രോഗകാരികളായ അണുക്കളുടെ പെരുകൽ കേന്ദ്രമാണ്. എന്നിരുന്നാലും നമ്മുടെ വീട്ടിലെ മാലിന്യം അന്യന്റെ പറമ്പിലേയ്ക്ക് വലിച്ചെറിയുകയും വഴിവക്കിൽ ഉപേക്ഷിക്കുകയും ചെയ്യുന്ന തലമുറയിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

പ്ലാസ്റ്റിക് കൂമ്പാരങ്ങൾ കത്തിക്കുന്നതിലൂടെ വായുമലിനീകരണവും ക്യാൻസർ പോലെയുള്ള മാരകമായ രോഗങ്ങൾ നാം തന്നെ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു. നാം ഓരോരുത്തരും നമ്മുടെ കടമയായിത്തന്നെ നമ്മുടെ വീട്ടും പരിസരവും വൃത്തിയായി സൂക്ഷിച്ചാൽ മാരകമായ രോഗത്തിൽനിന്നും രക്ഷനേടാം. പ്രളയകാലങ്ങളിൽ നാം കണ്ടതാണ് കുത്തൊഴുക്കിലൂടെ ഒഴുകിപ്പോകുന്ന പ്ലാസ്റ്റിക് കൂമ്പരങ്ങളെ. നമ്മുടെ വീട്ടും

പരിസരവും വൃത്തിയാക്കാതെ ഇരുന്നാൽ ഈച്ച,കൊതുക്പോലെയുള്ള സാംക്രമികരോഗങ്ങൾ പടർത്തുന്ന കീടങ്ങൾ പെറ്റുപെരുകുകയും രോഗങ്ങൾ പടർന്നു പിടിക്കുകയും ചെയ്യുന്നു. അതിനാൽ നാം പരിസരം വൃത്തിയായിത്തന്നെ സൂക്ഷിക്കണം.

സ്വച്ഭാരത് പദ്ധതിയിലൂടെ സമൂഹത്തിനു നൽകുന്ന ആശയമാണ് ലോകം മാലിന്യമുക്തമാക്കുക എന്നത് . നാം പ്രകൃതിയോടു കാണിക്കുന്ന ക്രൂരതകളുടെ ഫലമായി പ്രകൃതി നമുക്ക് സമ്മാനിച്ചതാണ് പ്രളയവും ഡൽഹിയിൽ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന ഓക്സിജൻ കിട്ടാത്ത അവസ്ഥയും. ഭൂമിയെ അമ്മയായി ,ദേവിയായി ക്കരുതി പൂജിച്ചിരുന്ന പൂർവികരുടെ ജീവിതവും ശീലവും പഴഞ്ചനെന്നു കരുതി തള്ളിക്കളയാതെ നാം ഒരോരുത്തരും മണ്ണിനെയും മരങ്ങളെയും പ്രക്രതിയെയും സ്നേഹിക്കാനും വരും തലമുറയ്ക്ക് നാം മാതൃകയാകാനും പ്രയത്നിക്കണം.

അഹല്യാബേബി
**10** ബി

# What is discipline



**D-Dedicated labour**
**I -Immense patient**
**S-Self control**
**C-Character development**
**I -Infinite faith**
**P-Perseverance**
**L-Liveliness**
**I-Immortal spirit**
**N-Nectar of happiness**
**E-Excellence**

**DRUTHA SHENOY**
**9E**

# നിറദീപം



ഇന്ന് ഞാൻ നമ്മുടെ വിദ്യാലയത്തിൽ എത്തുമ്പോൾ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല ഇങ്ങനെ ഈ പദവിയിൽ ഈ വിദ്യാലയത്തിലേക്ക് വരാൻ കഴിയുമെന്ന്. വർ ഷങ്ങൾക്ക് മുമ്പ് ഒരു മഴയുള്ള ദിവസം സ്കൂൾ വാതിൽക്കൽ മഴനഞ്ഞ് കരഞ്ഞുകൊണ്ട് നിന്ന ആ **6** വയസ്സുകാരൻ. ഇന്ന് ഈ ജില്ല ഭരിക്കുന്ന കളക്ടർ. അഭിമാനം കലർന്ന ഈ നിമിഷത്തിൽ ഞാൻ ഓർക്കുന്നത് എന്റെ ടീച്ചറെ ആണ്, അല്ല എന്റെ അമ്മയെ തന്നെയാണ് . ഒരു അനാഥപയ്യനെ ഈ നിലയിലാക്കിയ ആ അമ്മയെ ഒന്നു കാണാൻ ഓർമകൾ പെയ്യുന്ന ഈ മഴയത്ത് ഒന്നു നനയാൻ... ഒരുകുട്ടിയായി മാറാൻ. ..സ്കൂളിൽ ഇന്ന് മാറ്റമുണ്ട് . ഹൈടെക്ക് ആയിരിക്കുന്നു. രൂപത്തിലും മട്ടിലും മാറ്റം. ആകെ മാറിപ്പോയിരിക്കുന്നു.

സരസ്വതി ടീച്ചർ വിരമിച്ചിരിക്കുന്നു. ഇപ്പോൾ പഴയ വീട്ടിലല്ല താമസം. കാണണം,ആ കാൽക്കൽ വീഴണം. നന്ദി പറയണം. അനാഥത്വത്തിൽ നിന്ന് ഇങ്ങനെയൊരു ജീവിതം തന്നതിൽ നന്ദി പറയണം. സ്കൂളിലെ പ്രോഗ്രാം നടക്കുമ്പോൾ എന്റെ മനസ്സുമുഴുവൻ ടീച്ചറാണ്, ആ പഴയ ഓർമകളാണ്. നേരേ പോയത് തിരുവനന്തപുരത്തേക്കാണ്. അധികം നേരം കാറിൽ ഇരിക്കേണ്ടിവന്നില്ല .വേഗം ടീച്ചറിന്റെ വീട്ടിലെത്തി. ദൂരം കുറവാണെങ്കിലും എന്തോ മനസ് വല്ലാതെ അസ്വസ്ഥമാകുന്നു. ഇനി രണ്ടടിവെച്ചാൽ വീട് എത്തി . എങ്കിലും മനസ്സിൻ നേരത്തത്തെ സന്തോഷം ഇല്ല. ഞാൻ ചെന്ന് നിന്നത് ടീച്ചറിന്റെ മൃതശരീരത്തിന്റെ മുമ്പിലാണ്. എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ കഴിയുന്നില്ല. അലറിക്കരഞ്ഞ എന്നെ ആരെല്ലാമോ പിടിച്ചുമാറ്റി. തെളിഞ്ഞ ആകാശം കറുത്തു .മഴക്കോളുകൾ നിറഞ്ഞു വിതുമ്പി കരയാൻ തുടങ്ങി. ആ തേങ്ങൽ പിന്നെ അലർച്ചമായി മാറുന്നു. ഒന്നു കാണാൻ കൊതിച്ച എന്റെ

**ടീച്ചറമ്മ എന്നന്നേക്കുമായി ....എന്നന്നേക്കുമായി എന്നെ വിട്ടു പിരിഞ്ഞു. ഹൃദയാഘാതം ആണത്രേ. മരിക്കും മുമ്പേ എന്നെ കാണണമെന്ന് പറഞ്ഞിരുന്നു. ഒരു നീണ്ട മൗനത്തിനുശേഷം ഞാൻ തുടങ്ങി "എനിക്ക് എന്റെ അമ്മയെ ഒന്നുകൂടി കാണാൻ കഴിയാതെപോയല്ലോ. ബാക്കി വച്ച സ്നേഹം, ടീച്ചറിനെ പിരിഞ്ഞ് സിംലയിൽ താമസിച്ച നാളുകൾ, ഇനി ഈ കടം ഞാൻ എങ്ങനെ വീട്ടും "ടീച്ചറമ്മ എനിക്ക് എന്നും കത്തുകൾ അയക്കുമായിരുന്നു .എന്നാൽ ഒന്നിനുപോലും മറുപടി അയയ്ക്കാൻ കഴിഞ്ഞിരുന്നില്ല. ഒരു മാസമായി കത്തുകളും ഇല്ല" .രാമൻ ചേട്ടൻ അപ്പോഴാണ് അങ്ങോട്ട് വന്നത്. മോൻ വന്നു അല്ലേ. നന്നായി. കർമ്മങ്ങൾ കഴിഞ്ഞേപോകാവൂ . നിന്നെക്കാണാൻ ആ പാവം ഒരുപാട് കൊതിച്ചു...മരിച്ചതല്ല...മോനെകൊന്നതാ...കൊന്നതാഎന്റെചേച്ചിയമ്മയെ"സ്വത്തിനുവേണ്ടി ആ പാവത്തെ അവരുടെ മക്കൾ തന്നെ കൊന്നു"എന്റെ കാതുകളെ എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.ഒരുറുമ്പിനെപ്പോലും നോവിക്കാത്ത ആ അമ്മയെ കൊല്ലാൻ എങ്ങനെ മനസ്സുവന്നു. ശരീരം തളരുന്നപോലെ എനിക്ക് തോന്നി .കണ്ണുകളിൽ ഇരുട്ടു കയറുന്നു. ആരോ എന്നെ പിടിച്ചു. നീണ്ട ഒരു ഉറക്കം.... ശേഷം ഞാൻ രാമൻ ചേട്ടനോട് പറഞ്ഞു. ഞാൻ പോകുന്നു. ഇനി ഇവിടെ നിൽക്കുന്നില്ല. മടങ്ങുന്നു. യാത്രപറയാൻ ആരും ഇല്ല."ഡ്രൈവറോട് വണ്ടിയെടുക്കാൻ പറഞ്ഞു ,എരിയുന്ന ചിതയിലേക്കു അല്പനേരം നോക്കി നിന്നതിനു ശേഷം ഞാൻ യാത്ര ആരംഭിച്ചു. മനസ്സു നിറയെ ടീച്ചറായിരുന്നു. കുട്ടിക്കാലത്തെ മനോഹരമായ ആ ഓർമകളായിരുന്നു.**

**വർഷങ്ങൾക്കുമുമ്പ് സ്കൂൾ വാതിൽക്കൽ മഴയത്ത് കരഞ്ഞുകൊണ്ട് നിന്ന എനിക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു തന്നത് ടീച്ചറായിരുന്നു. മോനെ എന്നു മാത്രമേ ടീച്ചർ വിളിച്ചിരുന്നുള്ളൂ.എന്നെ ആദ്യമായി ഒന്നാം ക്ലാസിൽ ചേർക്കുമ്പോൾ അമ്മയുടെ പേരിന്റെ സ്ഥാനത്ത് 'സരസ്വതി' എന്ന് എഴുതി. അതേ, എന്റെ ജീവിതത്തിലെ സരസ്വതി തന്നെ ആയിരുന്നു ടീച്ചർ. അന്ന് മുതൽ എനിക്ക് ടീച്ചർ അമ്മയായിരുന്നു. അനാഥൻ എന്നു പറഞ്ഞ് കൂട്ടുകാർ കളിയാക്കുമ്പോൾ ഇവന്അമ്മയുണ്ട് എന്ന് പറഞ്ഞ് എന്നെ താങ്ങി നിർത്തിയത് ടീച്ചറമ്മയായിരുന്നു. ഉച്ചക്ക് പട്ടിണി കിടക്കുമ്പോൾ സ്വന്തം പാത്രത്തിൽ നിന്ന് ചോറു തന്ന് എന്റെ വിശപ്പ് മാറ്റി. പത്തിൽ മുഴുവൻ A+വാങ്ങിയപ്പോൾ നെഞ്ചോട് ചേർത്ത് നെറുകയിൽ ചുംബിച്ചു. അന്ന് ഞാൻ ഒരമ്മയുടെ വാത്സല്യത്തിന്റെ ചൂടറിഞ്ഞു. എനിക്ക് അന്ന് സമ്മാനമായി തന്ന പേന ഇന്നും ടീച്ചറിന്റെ ഓർമ്മയ്ക്ക് നെഞ്ചോട് ചേർത്ത് ചുംബിച്ചു.**

**IAS** ആകണമെന്ന എന്റെ ആഗ്രഹത്തിന് പ്രോത്സാഹനം തന്നതും ചേരാൻ പണംതന്നതും അമ്മയായിരുന്നു. ഗുരു എന്നതിലുപരി എന്റെ നല്ല സുഹൃത്തും ടീച്ചർ ആയിരുന്നു .

മാനിന്റെ കണ്ണുകൾ ആയിരുന്നു എന്റെ അമ്മയ്ക്ക്. ഇളം നിറമുള്ള സാരിമാത്രമേ ധരിക്കാറുള്ളു. നീളമുള്ള മുടിയിൽ ഒരു തുളസിക്കതിർ ,കൈയിൽ ഒരു കൊച്ചു ബാഗ്, വലതു കൈയിൽ കുട, കാതുകളിൽ കമ്മലോ കൈയിൽ വളയോ ഇല്ല. അച്ഛൻ മരിച്ച മക്കളെ തന്റെ ചിറകിനുള്ളിൽ സംരക്ഷിച്ചു.സ്വത്തുക്കൾ ഉണ്ടങ്കിലും അമ്മയുടെ മരണശേഷമെ ടീച്ചർക്കു കിട്ടു.ആസ്വത്തിനുവേണ്ടിയാണല്ലോ ടീച്ചറിനെ ക്രൂരമായി കൊന്നത്. എന്റെ തിരക്കിനിടയിലും ആശ്വാസം തന്ന് എന്റെ ജീവിതം പ്രകാശപൂർണമാക്കിയ ആ അമ്മ വിളക്കായിരുന്നു. ഞാൻ തിരിച്ചു കത്തുകൾ അയയ്ക്കാൻ സമ്മതിച്ചിരുന്നില്ല! അതുകൊണ്ട് തന്നെ മറുപടി അയക്കാറില്ലായിരുന്നു. ഇന്ന് എന്റെ ജീവിത്തിൽ ആ വിളക്കില്ല. ആ മൃതശരീരത്തിൽ മുറിപ്പാടുകൾ കണ്ടതായി ഓർക്കുന്നു. ഒരിക്കൽ പോലും നാട്ടിലേക്ക് തിരിച്ചുവരാൻ ആവശ്യപ്പെട്ടില്ല .എന്തുകൊണ്ടെന്ന് അറിയില്ല. എന്നെ ഈ നിലയിൽ എത്തിച്ച എന്റെ ഗുരുവിന് തിരികെ നൽകാൻ ഇന്ന് എന്റെ കൈയിൽ ഒന്നുമില്ല. ജീവതമേ ഇരുട്ടുമൂടിയതുപോലെ. ആ പ്രകാശം ഇന്ന് ഇല്ലെങ്കിലും എനിക്ക് ജീവിക്കണം. എന്റെ അമ്മക്കുവേണ്ടി . അമ്മയുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു എല്ലാവർക്കും അറിവ് നൽകണമെന്നത് .ഞാൻ എന്റെ അമ്മയ്ക്ക് വേണ്ടി അത് സാധിക്കും . ഇനിയും വളർന്നുവരുന്ന തലമുറയിൽ വെളിച്ചമാകാൻ അവരിലൂടെ സരസ്വതി എന്ന വ്യക്തിയെ ലോകം അറിയാൻ,അറിവിന്റെ പ്രകാശമാകാൻ,നിറയുന്ന ദീപമാകാൻ ഞാൻ ശ്രമിക്കും .ഇത് എന്റെ 'ഗുരു വന്ദനമാണ് '.ഇനിയും മരിക്കാത്ത ഓർമകൾക്ക് മുമ്പിൽ നിറദീപമായി നിറഞ്ഞു നിൽക്കാൻ, ആ മരണത്തിന് കാരണമായ മക്കളെ വേദനിപ്പിക്കാൻ ആ അമ്മ ആഗ്രഹിക്കില്ല. അതാണ് എന്റെ ഗുരുനാഥ . എന്റെ അമ്മയ്ക്കുള്ള സമ്മാനം.

രാജലക്ഷ്മി.ജെ .എസ്
**9** ബി



# വിദ്യാലയ കാഴ്ചകൾ









# വികസനം എങ്ങനെയാകാം?

സർവചരാചരങ്ങൾക്കും ഒരുപോലെ അവകാശപ്പെട്ടതാണ്ഈ ഭൂമി . മനുഷ്യന്റെ വികസനപദ്ധതികളിൽ പല ജീവജാലങ്ങളും വംശനാശത്തിന്റെ വക്കിലാണ് . ഒരു രാക്ഷസനെപ്പോലെ മണ്ണുമാന്തിയന്ത്രം പുഴകൾ നികത്തുന്നതും കുന്നിടിക്കുന്നതും നാം കൗതുകത്തോടെ കണ്ടുനില്ക്കാറില്ലേ ? ഇങ്ങനെ നാം പ്രകൃതിയിൽ ഏൽപ്പിക്കുന്ന ആഘാതം വളരെ വലുതാണ് . നാളെ ഞാനും നിങ്ങളും അവശേഷിക്കും എന്നതിന് എന്താണ് ഉറപ്പ് ? വരുംതലമുറകൾക്ക് ജീവിതം അസാധ്യമാകുന്ന വിധം മനുഷ്യന്റെ പ്രവൃത്തികൾ അതിരുകടക്കുകയാണ് . മാലിന്യങ്ങൾ നിക്ഷേപിച്ചും മലിനീകരിച്ചും നാം പുഴയെ കൊന്നൊടുക്കുകയാണ് . ഇത്തരം പ്രവൃത്തികൾക്ക് ഫലമായി കൊടുങ്കാറ്റായും വെള്ളപ്പൊക്കമായും കൊടും വരൾച്ചയായും ചൂടായും പ്രകൃതി തിരിച്ച് ആക്രമിച്ചുതുടങ്ങിയിരിക്കുന്നു . ഇവയെ മറികടക്കുന്നതായിരിക്കണം വികസനം .

പാർവതി എസ് . കുമാർ
**8** ബി

# പ്രകൃതിക്കൊരു കൈത്താങ്ങ്

അമേരിക്കൻ ഭൂഖണ്ഡത്തിലാണ് ആമസോൺ മഴക്കാടുകൾ സ്ഥിതിചെയ്യുന്നത്. ജീവന്റെ തുടിപ്പ് കാടുകളുമാണ്. ഭൂമിയെ ഒരു മനുഷ്യനായി സങ്കൽപ്പിച്ചാൽ അതിന്റെ ശ്വാസകോശമെന്നത് കാടുകളാണ്. കാട്ടിലുള്ള ഓരോ മരങ്ങളും നമ്മൾക്ക് ജീവൻ നൽകുകയാണ് . ഒരു മരം തന്നിലേക്ക് കോടിക്കണക്കിന് കാർബൺ ഡയോക്സൈഡ് വലിച്ചെടുക്കുകയും നമുക്ക് ഓക്സിജൻ നൽകുകയും ചെയ്യുന്നു. നമ്മുടെ ജീവൻ കാക്കുന്ന പോരാളികളാണ് ഓരോ മരവും . അപ്പോൾ കാടുകൾ എന്ന് പറഞ്ഞാൽ കോട്ടകളാണ്.

കൂടുതൽ മരങ്ങൾ ഉള്ളതിനാൽ മഴ കൂടുതലായി ആമസോൺ കാടുകളിൽ ലഭിക്കുന്നു. ധാരാളം ജലം ഉള്ളതിനാൽ മറ്റു മൃഗങ്ങൾക്കും അവിടെയുള്ള മനുഷ്യർക്കും ജീവിക്കാൻ സാധിക്കുന്നു. എന്നാൽ കാടുകൾ നശിച്ച് വരുന്ന ഒരു അവസ്ഥയാണ് നാം ഇന്ന് കണ്ട് വരുന്നത് . ഈയിടെയ്ക്ക് ഉണ്ടായ ഒരു സാഹചര്യമാണ് ഇത് പറയാൻ കാരണമാക്കിയത് . ആമസോൺ കാടുകളിൽ കാട്ടുതീ ഉണ്ടായി.ഇതിനെക്കുറിച്ച് ശാസ്ത്രജ്ഞൻമാർ പല അഭിപ്രായങ്ങളും പറഞ്ഞുവരുന്നുണ്ട് . എന്നാൽ ഇതിന്റെ യഥാർത്ഥ കാരണം ആർക്കും അറിയില്ല . അവിടുത്തെ ഒരുപാട് മരങ്ങൾ നശിച്ചതിനുപരി മൃഗങ്ങളും പക്ഷികളും വെന്തുമരിച്ചു.ഇതെല്ലാം പ്രകൃതി നമുക്ക് തരുന്ന സൂചനകളാണ്. മരങ്ങൾ നശിക്കുന്നു എന്ന് പറയുമ്പോൾ ഭൂമിയുടെ ശ്വാസകോശം നശിക്കുന്നു എന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത് . ഇന്ന് ഭൂമിയിൽ കാലാവസ്ഥ മാറിമറിഞ്ഞുകൊണ്ടിരിക്കുകയാണ്. മഴ വരുന്നസമയത്ത് വെയിലാണ് വരുന്നത്.ഇന്ന് നാം ചെയ്യുന്ന ഓരോ പ്രവൃത്തിയുടെയും ഫലം വരും തലമുറയാണ് അനുഭവിക്കേണ്ടത്. ഇന്ന് ഈ കാണുന്ന കാട്ടുതീയെല്ലാം പ്രകൃതി നമുക്ക് തരുന്ന സൂചനകളാണ്. നാം നമ്മുടെ അടുത്ത തലമുറയെ രക്ഷിച്ചേ തീരൂ. അതിനു വേണ്ടി പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.മഴക്കാടുകൾ ദൈവം നമുക്ക് തന്ന അനുഗ്രഹങ്ങളാണ്.ഇതെല്ലാം സംരക്ഷിക്കുന്നതിനു പകരം നാം

നശിപ്പിക്കുകയാണ്.ഇതിനെതിരെ നാം പ്രവർത്തിക്കണം. ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിക്കു. ഭൂമിയെ സംരക്ഷിക്കണം.മൃഗങ്ങളെ അവരുടെ വീടായ കാട്ടിലേക്ക് കയറി ഉപദ്രവിക്കരുത് . അവരും നമ്മളെപ്പോലെ ഈ ഭൂമിയുടെ അവകാശികളാണ്.നാം എന്ന മനുഷ്യവർഗ്ഗം മാത്രമേ ഈ ഭൂമിയെ നശിപ്പിക്കുന്നുള്ളൂ.ഇത് നാം മനസ്സിലാക്കി പ്രവർത്തിക്കണം.നാം കുടി ശരിയായാൽ ഈ ഭൂമിയെ നമുക്ക് എല്ലാ പ്രശ്നങ്ങളിൽ നിന്നും കരകയറ്റാം. ഇത് നമ്മുടെ ഉത്തരവാദിത്വമായി കണ്ട്നിറവേറ്റണം.


"വരൂ നമുക്ക് ഒത്തുചേരാം
പ്രകൃതിയെ രക്ഷിക്കാം."

വിസ്മയ സ്മിനേഷ്
**10** സി



# കായിക പ്രതിഭകൾ





# ഗാന്ധിയൻ ആദർശനങ്ങളുടെ സമകാലികപ്രസക്തി

സ്വന്തം ജീവിതം തന്നെ സന്ദേശമാക്കി മാറ്റിയ മഹാത്മാവായിരുന്ന നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി . 'എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ഗാന്ധിജിയ്ക്ക് പറയാൻ സാധിച്ചത് അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും പരസ്പരപൂരകങ്ങളായതുകൊണ്ടാണ്. അഹിംസയിലധിഷ്ഠിതമായ സമരമുറകളിൽ ഉറച്ചുനിന്ന ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ ഗാന്ധിജിയുടെ ജീവിതകഥ ഭാരതീയർ എക്കാലവും അഭിമാനത്തോടെ ഓർക്കുക തന്നെ ചെയ്യും. അഹിംസ കരുണ,സമസൃഷ്ടിസ്നേഹം തുടങ്ങിയ ആദർശനങ്ങളുടെ ആൾരൂപമായിരുന്ന ഗാന്ധിജി . ലോകത്തെ സ്വന്തം തറവാടായി കാണുകയും പുല്ലിനെയും പുഴുവിനെയും ഒരുപോലെ സ്നേഹിക്കുകയും ചെയ്ത ഗാന്ധിജി പാരിസ്ഥിതികമായ അവബോധവും ഭാരതീയർക്ക് നൽകി .

നമുക്ക് വേണ്ടവ എടുക്കുകയും കൂടുതലൊട്ടും കൈകൊള്ളാതിരിക്കുകയും ചെയ്താൽ ഈ ലോകത്ത് ദാരിദ്ര്യം എന്ന ഒന്ന് ഉണ്ടാകില്ല എന്ന ഗാന്ധിജിയുടെ വാക്കുകൾ വെട്ടിപ്പിടിക്കലിന്റെ പുതിയ കാലത്ത് ഏറെ പ്രസക്തമാണ്. അതുപോലെ ഗാന്ധിജിയുടെ അഹിംസാസിദ്ധാന്തത്തിനും വർത്തമാനകാലത്ത് പ്രസക്തിയേറുന്നു . വിദ്വേഷത്തിന്റെയും പകയുടെയും കഥകൾ വർത്തമാനകാലത്ത് പതിവു വാർത്തയാകുമ്പോൾ അഹിംസ, ധർമ്മം കരുണ തുടങ്ങിയവയ്ക്ക് പ്രസക്തിയേറുന്നു . ഇന്ന് ലോകം അഭിമുഖീകരിക്കാൻ ശ്രമിക്കുന്ന ഏതു പ്രശ്നത്തിനും ഗാന്ധിജിയിൽ ഉത്തരമുണ്ട് എന്ന് നാം തിരിച്ചറിയണം .

പാർവതി . എസ് . കുമാർ

**8** ബി

# ഗുരുവന്ദനം

എന്റെ കണ്ണുകളിൽ ഒരിക്കലും മായാത്ത മുഖമാണത്.എനിക്കു തോന്നി എന്റെ ഉള്ളിൽ വിതുമ്പുന്ന സങ്കടങ്ങളെ നോക്കിക്കണ്ട് മുമ്പിലെ ഇരിപ്പിടത്തിൽ ഇരുന്നുകൊണ്ട് എന്നെ നോക്കി സഹതപിക്കുന്ന എന്റെ അദ്ധ്യാപികയ്ക്ക് 'അല്ല' എനിക്ക് അങ്ങനെ വിളിക്കുന്നതിഷ്ടമല്ല . എന്റെ " അമ്മ "എന്റെ അമ്മ തന്നെയാണ്. ഒരു അമ്മയുടെ മുഖമാണ് അന്ന് ആ സഹതാപത്തിന്റെ മിഴികളിൽ എന്നെ നോക്കിക്കാണുന്ന ഗുരുനാഥയുടെ ഭാവങ്ങളിൽ ഞാൻ കണ്ടത്. എനിക്ക് എന്തെന്നില്ലാത്ത ഒരു സ്നേഹം അന്ന് ആ ഗുരുനാഥയ്ക്ക് മുന്നിൽ ഭാവഭേദത്തോടെ പ്രകടിപ്പിക്കേണ്ടി വന്നു . വാശിക്കുമുമ്പിൽ വേരുറപ്പിച്ച ഒരു വാശിക്കാരിയെ , സഹതാപഭാവത്താൽ തളംകെട്ടിയുറപ്പിച്ച ആ ഗുരുനാഥ എന്റെ അമ്മ 'അംബിക'.എന്റെ ഉള്ളിലെ വാശിയെന്താണെന്ന് അറിയാൻ ടീച്ചർ ശ്രമിച്ചു . ഒടുവിൽ അത് വിജയിച്ചു . വാശിയെ അറിയാൻ ശ്രമിച്ച വഴികളിൽ എപ്പോഴോ ടീച്ചർ എന്റെ അമ്മയായി മാറികഴിഞ്ഞിരുന്നു.

അച്ഛൻ മറഞ്ഞുപോയ ആ അമ്മയുടെ മുഖം അവൾ ഓർക്കാൻകൂടി ഇഷ്ടപ്പെട്ടില്ല. അങ്ങനെ അവൾക്കു കിട്ടിയ ഒരു മായാത്ത ചിരിയുള്ള അമ്മയായിരുന്നു " അംബിക ടീച്ചർ " അവളുടെ സഹോദരനിൽ നിന്നേൽക്കുന്ന മർദ്ദനത്തിൽ വേദനയേറി സങ്കടപ്പെട്ടു കരയാത്ത രാത്രി അവൾക്കുണ്ടായിരുന്നില്ല. തിരിച്ചൊന്നും ചെയ്യാൻ അവളുടെ ആരോഗ്യ സ്ഥിതിക്ക് കഴിഞ്ഞില്ല . കഴിക്കാൻ ഒന്നുമില്ലാതെ അപ്പുറത്തെ വല്യമ്മ നൽകുന്ന ഒരിത്തിരി കഞ്ഞി അതാണ് അവളുടെ ഊർജ്ജം . പിന്നെ അങ്ങോട്ട് ആഹാരമൊന്നും തന്നെ കഴിക്കാനോ കുടിക്കാനോ ഉണ്ടായിരുന്നില്ല .

മറഞ്ഞു നിന്ന് എന്നെത്തന്നെ ശ്രദ്ധിച്ചുകൊണ്ടിരുന്ന ടീച്ചർ എനിക്ക് എല്ലാമായി.ആഹാരം തരാനൊരമ്മയായി. കൂടെക്കൂട്ടാൻ ഒരു സുഹൃത്തായി ,എല്ലാം പറയാനും സ്നേഹിക്കാനും എന്തിനേറെ ഒരു "അമ്മ ". രാവിലെ സ്കൂളിൽ കൂട്ടികൊണ്ടുപോവാൻ എത്തും ടീച്ചർ. അപ്പോൾ ഞാൻ സന്തോഷത്തോടെ എത്താറുണ്ടായിരുന്നു. എന്റെ ഗുരുനാഥയെ കുറിച്ചു പറയുവാനാണെങ്കിൽ ഉള്ള് നിറയെയുണ്ട്. ഞാൻ ഇന്ന്ടീച്ചറെപ്പോലൊരു അദ്ധ്യാപികയാണ്, ടീച്ചറെപ്പോലെയാവാൻ മറ്റുള്ളവർക്ക് എന്നെക്കൊണ്ട് എന്തെങ്കിലും സ്വാധീനം ഉണ്ടാവാൻ എന്റെ അംബിക ടീച്ചർ ഇന്ന് വിദ്യാലയത്തിന് ഒരു നല്ല അദ്ധ്യാപികയെന്നതിലുപരി ഒരു ഓർമ്മമാത്രമാണ് .

**പക്ഷേ എന്റെ അമ്മയെ എനിക്ക് അങ്ങനെ മറക്കാനാകുമോ ? മണ്ണിൽനിന്നു മറഞ്ഞുപോയെങ്കിലും എന്റെ മനസ്സിൽ ടീച്ചറിനായി, ടീച്ചറിനായി മാത്രം ഞാനൊരു അറ സൂക്ഷിച്ചുവച്ചിട്ടുണ്ട്. എന്റെ അംബികാമ്മ എന്റെ കൂടെ ഇപ്പോഴും ഒരു സുഹൃത്തിനെപ്പോലെ എന്റെ കൂടെയുണ്ട്. ആരും സ്നേഹിക്കില്ല എന്നെപ്പോലെ ടീച്ചറെ. ടീച്ചറെക്കുറിച്ച് എനിക്കൊന്നും അറിയില്ല. ഞാൻ ചോദിച്ചിട്ടും ഇല്ല എന്തോ അങ്ങനെ ചോദിക്കണമെന്ന് തോന്നീട്ടില്ല. എന്റെ കൂടെ നടക്കാൻ ദൈവം തന്നൊരു മാലാഖ, അതാണ് എന്റെ 'അംബിക ടീച്ചർ '.**

**അങ്ങനെ ഓർക്കാനാണ് എനിക്കിഷ്ടം. എന്റെ ഗുരുനാഥയ്ക്ക് എന്റെ വന്ദനം .**

**സാറ ഇമ്മാനുവൽ**
**10 ഡി**

# ക്രിസ്തുമസ് ആഘോഷം









## LITTLE KITES CADETS



**STD X**



**STD IX**

# ആഗോള താപനം

ലോകം മുഴുവൻ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് "ആഗോള താപനം". മനുഷ്യപ്രവൃത്തിമൂലം ഇന്ന് നമ്മുടെ ലോകം ഇല്ലായ്മയുടെ പടുകുഴിയിലേക്ക് വഴുതി വീണുകൊണ്ടിരിക്കുകയാണ്

മലിനീകരണത്തിലൂടെയാണ് ആഗോളതാപനം വർദ്ധിക്കുന്നത് . ജല മലിനീകരണം ,വായു മലിനീകരണം ,തുടങ്ങിയ മലിനീകരണങ്ങൾ വിപത്തുകൾ സൃഷ്ടിക്കുന്നു . പ്ലാസ്റ്റിക്കുകളുടെ ഉപയോഗം വർധിച്ച് വരുകയാണ്. ജലത്തിൽ പ്ലാസ്റ്റിക്കുകളും മലിനമായവസ്തുക്കളും കുന്നുകൂടിക്കിടക്കുന്നതുമൂലം ജലത്തി ലെ ചെറിയ ചെറിയ ജീവികളെല്ലാം ചത്തൊടുങ്ങുന്നു .ഫ്രിഡ്ജിന്റെയും ഏ.സിയുടെയും അമിതമായ ഉപയോഗംമൂലം ഓസോൺപാളിയിൽ വിള്ളലുണ്ടാകുന്നു. ഏ.സിതുടങ്ങിയ ഉപകരണങ്ങളിൽ നിന്നുയർന്ന്പൊങ്ങുന്ന വാതകങ്ങളാണ് ആഗോള താപനത്തിന് പ്രധാന കാരണം.

സൂര്യനിൽ നിന്ന് ഭൂമിയിലേക്ക് പതിക്കുന്ന യു . വി റേയ്സ് വിള്ളലിലൂടെ മനുഷ്യ ശരീരങ്ങളിൽ പതിക്കുന്നു . ഈ കിരണങ്ങൾ ത്വക്ക് കാൻസറിനും, കാഴ്ചക്കുറവിനും മറ്റ് രോഗങ്ങൾ ഉണ്ടാകാനും കാരണമാകുന്നു . ആഗോളതാപനത്തിലൂടെ പക്ഷിമൃഗാദികൾ ക്ക് വംശനാശം സംഭവിക്കുന്നു . ഔഷധമൂല്യമുള്ള സസ്യങ്ങളുടെ അളവ് വനാന്തരങ്ങളിൽ കുറഞ്ഞ് വരുന്നു .

അഗോള താപനത്തിലൂടെ ഐസ് പാളികൾ ഉരുകുന്നു .ഉരുകിയ വെള്ളം പ്രളയത്തിന് കാരണമാകുന്നു.അഗോള താപനം കാലാവസ്ഥ വ്യതിയാനത്തിന് കാരണമാകുന്നു . പല മൃഗങ്ങളുടെയും വംശനാശം സംഭവിക്കുന്നത് ഈ കാലാവസ്ഥ വ്യതിയാനം കാരണമാണ് . ആഗോളതാപനം കടലിറങ്ങുന്നതിനും,കടൽകയറുന്നതിനും കാരണമാകുന്നു . ദിവസംതോറും മനുഷ്യർ പ്രകൃതിയെ ചൂഷണം ചെയ്തു കൊണ്ടിരിക്കുകയാണ് . തന്റെ സ്വാർത്ഥതയ്ക്ക് വേണ്ടി പ്രകൃതിയെ ഇല്ലാതാക്കുകയാണ് മനുഷ്യർ .

പ്രകൃതി സംരക്ഷണത്തിലൂടെ മാത്രമേ ആഗോളതാപനത്തെ ഇല്ലാതാക്കാൻ സാധിക്കൂ . ശൂന്യമായ പ്രതലപ്രദേശങ്ങളിൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിലൂടെ,മലിനീകരണങ്ങൾ തടയുന്നതിലൂടെ , ഏ.സി ഉടങ്ങിയ ഉപകരണങ്ങളിലെ വാതകങ്ങൾ നിയന്ത്രിക്കുന്നതിലൂടെ,വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിലൂടെ നമുക്ക് ആഗോളതാപനം കുറയ്ക്കാൻ സാധിക്കുന്നതാണ് .

ഭൂമിയിലെ അമൂല്യമായ വസ്തുക്കൾ ഈ തലമുറയ്ക്ക് മാത്രം അനുഭവിക്കേണ്ടതല്ല . അടുത്ത തലമുറയ്ക്ക് കൂടി ഉപയോഗിക്കാനായി നമ്മുടെ ഭൂമിയിൽ അവശേഷിക്കുന്ന അമൂല്യമായ വസ്തുക്കൾ സൂക്ഷിക്കേണ്ടതും,അമിതമായി ഉപയോഗിക്കാതെ ശ്രദ്ധിക്കേണ്ടതും ഈ തലമുറയുടെ കടമയാണെന്ന് നമ്മൾ ഓർക്കുന്നത് വളരെ വളരെ നന്നായിരിക്കും.....

മന്യ എം. ലാൽ
**10** ബി



# മേളകൾ



# പ്രളയം

തീരാനഷ്ടങ്ങളുടെ പാതയിലൂടെയാണ് **2018-2019** വർഷം കേരളം കടന്നുപോയത് . തകർന്ന വീടുകൾ , കൃഷികൾ , വഴിമാറിയൊഴികിയ നദികൾ , ഒരു നിലവിളിപോലും അവശേഷിപ്പിക്കാതെ മണ്ണിന്റെ അടിയിൽ അകപ്പെട്ട ജീവനുകൾ , ഒരുപിടി സ്വപ്നങ്ങൾ . എന്നാൽ ഈ സ്വപ്നങ്ങൾ തിരികെപ്പിടിക്കാൻ, കേരളത്തെ കൈപിടിച്ചുകയറ്റാൻ ചിലർ രാപകലില്ലാതെ ശ്രമിച്ചു . പ്രളയ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികൾ മാതൃകയായി. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വിദ്യാർഥികൾ വീട് നിർമ്മിച്ചു നൽകി . ഇത്തരം കുട്ടികൾ നമുക്ക് പ്രചോദനമാകുന്നു . കേരളത്തിനുവേണ്ടി രാപകലില്ലാതെ കഷ്ടപ്പെട്ട സർക്കാർ സംവിധാനങ്ങൾ മാതൃകയായി . പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളായ മനുഷ്യസ്നേഹികളെ അനുമോദിക്കുകയും അവരെ മാതൃകയാക്കുകയും ചെയ്യുക..

സ്നേഹ ബി

**9** ബി

## എന്റെ മാലാഖ




എന്റെ അമ്മ ദൈവത്തിന് തുല്യം
അമ്മയുടെ സ്നേഹം വേറെ
ഒന്നിനും കിട്ടില്ല .
പകരം വയ്ക്കാൻ പറ്റാത്ത പദം
അമ്മ എന്റെ അമ്മ
സ്വർഗ്ഗത്തേക്കാൾ സുഖം കിട്ടുന്ന
അമ്മയുടെ അരികിൽ
അമ്മയെ നാം സ്നേഹിക്കുന്നതിനേക്കാൾ
അമ്മ നമ്മെ സ്നേഹിക്കുന്നു.
നമ്മുടെ ശരീരം വേദിനിച്ചാൽ
അമ്മയ്ക്ക് ഉള്ളിൽ നോവും
ഞാൻ മനസ്സിൽക്കാണുന്നത് അമ്മ
മാനത്ത് കാണും.
എന്റെ എല്ലാ രഹസ്യവും
പറയാൻ പറ്റുന്ന ഏറ്റവും
അടുത്ത സുഹൃത്ത്
അമ്മ എന്റെ മാലാഖ
അമ്മ എന്റെ മാലാഖ
എന്റെ അഭിമാനം
അമ്മ എന്റെ അമ്മ
അമ്മ എന്റെ അമ്മ
നമുക്ക് വിശന്നാൽ വയറ്
നിറയ്ക്കും അമ്മ
അമ്മയാണ് എന്റെ എല്ലാം
പത്ത് മാസം ഉദരത്തിൽ ചുമന്ന അമ്മ

വാത്സല്യം , സ്നേഹം , ഒരുമ ,
എന്നിവ എല്ലാം എന്റെ അമ്മയിൽ
നിന്ന് ഞാൻ അറിഞ്ഞു
അമ്മ എന്റെ അമ്മ
എന്റെ സ്വന്തം അമ്മ.

ഗീതിക ജി നായർ
**6** ബി

## വിദ്യാലയ കാഴ്ചകൾ









# LITTLEKITES ACTIVITIES



# BRAINY QUOTES

**Life is ten percentage what happen to you and ninety percentage how you react to it**

**- Charles R. swindoll**

**Nothing is impossible. The word itself says 'I' m possible!**

**-Andrey Hepburn**

# പ്രതിഭകളെത്തേടി

'പ്രതിഭകളെത്തേടി' എന്ന പരിപാടിയുടെ ഭാഗമായി സ്കൂളിൽനിന്നും മൂന്നു പ്രതിഭകളുടെ വീടുകളിലെത്തി അവരെ ആദരിക്കുകയുണ്ടായി

**1.**കാവുങ്ങൽ കെ. എൻ.വാസുദേവൻപിള്ള

കവി ,കഥകളിസാഹിത്യകാരൻ ,നോവലിസ്റ്റ് എന്നീ നിലകളിൽ ശ്രദ്ധേയനായ

ശ്രീ.കാവുങ്ങൽ വാസുദേവൻ പിള്ളയെ രാമൻകുളങ്ങരയിലുള്ള അദ്ദേഹത്തിന്റെ

വീട്ടിലെത്തി പൊന്നാടയണിയിച്ച് ആദരിച്ചു .അദ്ദേഹം

തന്റെ രചനകൾ , അവ എഴുതാനുണ്ടായ സാഹചര്യം, 'കലി' എന്ന കഥയുടെ പശ്ചാത്തലത്തിൽ മനുഷ്യരുടെ കലി അടങ്ങേണ്ടതിന്റെ ആവശ്യം എന്നിവയെക്കുറിച്ച്

കുട്ടികളോട് സംവദിച്ചു.

**2.**മല്ലികായൂനുസ്

സ്കൂൾമുൻഅധ്യാപികയും പ്രമുഖ നോവലിസ്റ്റുമായ ശ്രീ. മല്ലികായൂനുസിന്റെ രാമൻ കുളങ്ങരയിലുള്ള

വീട് സന്ദർശിച്ചു. തന്റെ രചനാവൈഭവങ്ങൾ അവർ കുട്ടികളുമായി പങ്കുവച്ചു.

**3.** അനുശ്രീ

പൂർവവിദ്യാർത്ഥിയും ഭിന്നശേഷി വിഭാഗത്തിൽ സെറിബ്രൽപാൾസി

ബാധിതയുമായശ്രീ.അനുശ്രീയുടെ
വീട് സന്ദർശിച്ചു കുട്ടികളോട് തന്റെ ജീവിതവിജയത്തിന്റെ ഘടകങ്ങളെക്കുറിച്ചും ശാരീരികപരിമിതികൾക്കുള്ളിലും
മൂന്ന് കവിതാസമാഹാരങ്ങൾ രചിക്കാനിടയായ സാഹചര്യങ്ങളെക്കുറിച്ചും കുട്ടികളുമായി സംവദിച്ചു അനുശ്രീ

യുടെഅനുഭവങ്ങൾകുട്ടികൾക്ക് പ്രചോദനമായി.

# പ്രതിഭയ്ക്കൊപ്പം.









**AMAZING MATHEMATICS**

**If**
**A=1,B=2,C=3,D=4,E=5,F=6,G=7,H=8,I9,J=10,K=11,L=12,M=13,N=14,O=15,P=16,**
**Q=17,R=18,S=19,T=20,U=21,V=22,W=23,X=24,Y=25,Z=26**

**Then,**

**H+A+R+D+W+O+R+K**
**8+1+18+4+23+15+18+11=98**

**L+O+V+E**
**12+15+22+5=54%**

**None of them makes 100%**
**Then what makes 100%**

**is it money?**

**No!**

**M+O+N+E+Y**

**13+!5+14+5+25=72%**
**No!**
**Every problem has a solution,only**
**if we perhaps change our**
**ATTITUDE**

**A+T+T+I+T+U+D+E**

**1+20+20+9+20+21+4+5=100%**

**itis therefore OUR ATTITUDE**
**towards Life and Work that makes**
**OUR LIFE 100% Successful.**

**With each alphabet getting a number,in chronological order, as above, study the following, and bring down the total to a single digit and see the result yoursself**

**Hindu**
**SreeKrishna**
**19+8+18+5+5+11+18+9+19+8+1+4+1=135**
**1+3+5=9**

**Muslim**
**Mohammed**
**13+15+8+1+13+13+13+5+4=72**
**7+2=9**

**Christian**
**EsaMessiah**
**5+19+1+13+5+19+19+1+8=99**
**9+9=18**
**1+8=9**

**Each one ends with number 9**

**THAT IS NATURE'S CREATION TO**
**SHOW THAT GOD IS ONE !!!**

**Drutha G Shenoy, 9E**

വായനയിലൂടെ നേടുന്ന അറിവ് അമൂല്യമാണ് .
വിവരസാങ്കേതികവിദ്യയും സാഹിത്യവാസനയും
ഒന്നു ചേർന്ന കലാവിരുന്നുമായി കുട്ടികൾക്കൊപ്പം
നന്ദിയോടെ....



വിദ്യ വി
കൈറ്റ് മിസ്ട്രസ്



ശൈലജ ആർ
കൈറ്റ് മിസ്ട്രസ്



മേരിഷിജി ഇ
ഐ ടി കോർഡിനേറ്റർ